"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്-കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാലയ്ക്ക് കീഴിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂരിലെ നിർദ്ദിഷ്ട ഫിഷറീസ് കോളേജിന് 7 അസിസ്റ്റന്റ് പ്രൊഫസർ തസ്തിക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.20/2022/F&P തീയതി,തിരുവനന്തപുരം, 03-11-2022

---

പരാമർശം:- 1. സ.ഉ.(സാധാ) നം.329/2022/മതുവ തീയതി 01-06-2022.

2. കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല വൈസ് ചാൻസലറുടെ 20.06.2022-ലെ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാലയുടെ കീഴിൽ ബാച്ചിലർ ഓഫ് ഫിഷറീസ് സയൻസ് (B.F.Sc.) -ന്റെ ഒരു ബാച്ചടങ്ങുന്ന (40 സീറ്റ്) ഒരു കോളേജ് ആരംഭിക്കുന്നതിന് പരാമർശ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2) കോളേജ് ആരംഭിയ്ക്കുന്നതിന് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, കോളേജിനായി 24 അദ്ധ്യാപക തസ്തികകളും 30 അനദ്ധ്യാപക തസ്തികകളും സംബന്ധിച്ച വിശദാംശങ്ങൾ കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല വൈസ് ചാൻസലർ സമർപ്പിക്കുകയും പ്രസ്തുത തസ്തികകൾ നാല് വർഷം കൊണ്ട് അനുവദിയ്ക്കണമെന്ന് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുമുണ്ടായി. കൂടാതെ അവശ്യമെന്നു കണ്ടെത്തിയ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളുടെ 50 ശതമാനമെങ്കിലും സ്ഥിരമായും, അവശേഷിക്കുന്ന 50 ശതമാനം കരാറടിസ്ഥാനത്തിലും അനുവദിച്ചെങ്കിൽ മാത്രമേ പയ്യന്നൂരിൽ ഈ അക്കാഡമിക വർഷത്തിൽ ഫിഷറീസ് കോളേജ് തുടങ്ങാൻ കഴിയുകയുള്ളൂ എന്നും വൈസ് ചാൻസലർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാലയ്ക്ക് കീഴിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂരിലെ നിർദ്ദിഷ്ട ഫിഷറീസ് കോളേജിന് 7 അസിസ്റ്റന്റ് പ്രൊഫസർ തസ്തിക അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K S SRINIVAS

പ്രിൻസിപ്പൽ സെക്രട്ടറി

വൈസ് ചാൻസലർ, കേരള മത്സ്യബന്ധന സമുദ്ര പഠന സർവകലാശാല, പനങ്ങാട്, കൊച്ചി

രജിസ്ട്രാർ , കേരള മത്സ്യബന്ധന സമുദ്ര പഠന സർവകലാശാല, പനങ്ങാട്, കൊച്ചി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (16/09/2022-ലെ പിയു-ബി1/42/2022-ഫിൻ (E 2042920) കുറിപ്പ് പ്രകാരം )

പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം: 1122 പ്രകാരം )

ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി. എസ്. ന്

ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പി. എസ്. ന്

ബഹു. ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്